# വിരൽത്തുമ്പിൽ




പ്രിയ സുഹൃത്തെ,

നമ്മൾ ഇന്ന് പുതിയൊരു ഡിജിറ്റൽ യുഗത്തിന്റെ എല്ലാ മേഖലകളും ആസ്വദിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇപ്പോൾ ഇതാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നിങ്ങളുടെ മുൻപിലേക്ക് അവതരിപ്പിക്കുകയാണ് ഒരു ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ സർഗ്ഗവാസനകൾ നമുക്ക് ഡിജിറ്റൽ ഫോമിലൂടെ ആസ്വദിക്കാം.

ഡിജിറ്റൽ ലോകത്തെ ഒരു പുതിയ സ്ഥാനം നിങ്ങളുടെ കൈയ്യെത്തും ദൂരത്ത് ഇതെല്ലാം സാധ്യതമാകുന്നത് നിങ്ങളുടെ വിരൽത്തുമ്പിലൂടെ.

# KNOWING C.V RAMAN

**C.V Raman** (7 November 1888 – 21 November 1970)



Sir *Chandrasekhara Venkatarama Raman* was an Indian physicist known for his work in the field of light scattering. He was born in Tiruchirapalli, Tamil Nadu. His first research paper on diffraction of light, was published in 1906. Using a spectrograph that he developed, he discovered that when light traverses a transparent material the deflected light changes its wavelength and frequency. This phenomenon, a hitherto unknown type of scattering of light, which they called "modified scattering" was subsequently termed the Raman effect or Raman scattering. Raman received the 1930 Nobel Prize in Physics for the discovery and was the first Asian to receive a Nobel Prize in any branch of science. The Raman effect was discovered on 28 February 1928. The day is celebrated annually by the Government of India as the National Science Day. In 1954, the Government of India honoured him with the first Bharat Ratna, its highest civilian award.

AKHIL.S.M
X P
St Mary's H.S.S Pattom


# മലയാള ജീവചരിത്രം

- മർസിനോസ് പുരോഹിതൻ ഇറ്റാലിയൻ ഭാഷയിൽ നിന്നും വിവർത്തനം ചെയ്ത കൃതിയാണ് മലയാളത്തിലെ ആദ്യത്തെ ജീവചരിതഗ്രന്ഥം. ഏതാണാ കൃതി?
  വിശുദ്ധ ത്രേസ്യായുടെ ചരിത്രസംക്ഷേപം
- കേരളവർമ വലിയകോയിത്തമ്പുരാൻ പദ്യത്തിൽ രചിച്ച ജീവചരിതസംഗ്രഹം ഏതാണ്?
  ശ്രീ വിക്ടോറിയാചരിത്രസംഗ്രഹം
- എ.ഡി. ഹരിശർമയുടെ രണ്ടു സാഹിത്യനായകന്മാർ എന്ന ജീവചരിത്രഗ്രന്ഥം ഏതു സാഹിത്യകാരന്മാരെക്കുറിച്ചാണ്?
  കേരളവർമ വലിയകോയിത്തമ്പുരാൻ, എ.ആർ. രാജരാജവർമ
- എഡ്വേർഡ് എട്ടാമന്റെ സിംഹാസനത്യാഗത്തെ ആസ്പദമാക്കി പി.കെ. പരമേശ്വരൻ നായർ രചിച്ച ജീവചരിത്രഗ്രന്ഥം ഏത്?
  പ്രേമഗൗതമൻ
- സാഹിത്യപഞ്ചാനനൻ എന്ന ജീവചരിത്രം രചിച്ചത്?
  പി.കെ. പരമേശ്വരൻ
- ചങ്ങമ്പുഴ എന്ന സർഗവിസ്മയം ആരുടെ രചനയാണ്
  ഡോ. ചന്ദ്രിക ശങ്കരനാരായണൻ
- അസ്വസ്ഥരായ പ്രതിഭാശാലികൾ എന്ന ജീവചരിത്രഗ്രന്ഥത്തിന്റെ രചയിതാവ്?
  കെ.പി. വിജയൻ
- കുട്ടികൾക്കൊരു സ്നേഹഗീതം എന്ന ജീവചരിത്രം രചിച്ചത് ആരാണ്?
  സുമംഗല
- ജീവിതശില്പികൾ ആരെഴുതിയ ജീവചരിത്രകൃതിയാണ്?
  സി.പി. ശ്രീധരൻ
- ആരെഴുതിയ ജീവചരിത്രഗ്രന്ഥമാണ് അച്ഛൻ
  നീലൻ (പ്രേംജിയുടെ മകൻ)
- കുമാരനാശാനെക്കുറിച്ച് എം.കെ. സാനു എഴുതിയ ജീവചരിത്ര കൃതി ഏത്?
  മൃത്യുഞ്ജയം കാവ്യജീവിതം
- അനശ്വരനായ ഉറൂബ് എന്നത് ആരുടെ കൃതിയാണ്?
  ഡോ. കെ.എം. തരകൻ
- ബാലാമണിയമ്മയുടെ ജീവചരിത്രമായ പേനയാൽ തുഴഞ്ഞ ദൂരങ്ങൾ എന്ന കൃതി ആരുടെ രചനയാണ്?
  നാലപ്പാട്ട് സുലോചന
- പി.പി. ഉമ്മർകോയ, എസ്.കെ.പൊറ്റെക്കാട്ട്, കെ.എ.കൊടുങ്ങല്ലൂർ, എൻ.പി.മുഹമ്മദ് എന്നിവർ ചേർന്ന് എഴുതിയ ജീവചരിത്രംഏത്?
  മുഹമ്മദ് അബ്ദുഹിമാൻ



AKHIL.S.M
X P
St Mary's H.S.S Pattom

# PHILOSOPHIES OF FRIEDRICH NIETZSCHE



*Friedrich Nietzsche developed his philosophy during the late 19th century. He owed the awakening of his philosophical interest to reading Arthur Schopenhauer's 'Die Welt als Wille und Vorstellung'. Nietzsche applied himself to such topics as morality, religion, epistemology, poetry, ontology, and social criticism. Because of Nietzsche's evocative style and his often outrageous claims, his philosophy generates passionate reactions running from love to disgust. His earliest work emphasized the opposition of Apollonian and Dionysian impulses in art, and the figure of Dionysus continued to play a role in his subsequent thought. Other major currents include the will to power, the claim that God is dead, the distinction between master and slave moralities, and radical perspectivism. Other concepts appear rarely, or are confined to one or two major works, yet are considered centerpieces of Nietzschean philosophy, such as the 'Übermensch' and the thought of eternal recurrence. Nietzsche saw nihilism as the outcome of repeated frustrations in the search for the meaning of religion. He diagnosed nihilism as a latent presence within the very foundations of European culture and saw it as a necessary and approaching destiny. Nietzsche conceptualizes this with the famous statement "God is dead", which first appeared in his work in section 108 of 'The Gay Science', again in section 125 with the parable of "The Madman", and even more famously in 'Thus Spoke Zarathustra'. Nietzsche talks about the ladder of religious cruelty that suggests how Nihilism emerged from the intellectual conscience of Christianity.*

*Nietzsche argued that two types of morality existed: a master morality that springs actively from the "nobleman", and a slave morality that develops reactivily within the weak man. These two moralities do not present simple inversions of one another. They form two different value systems: master morality fits actions into a scale of "good" or "bad" consequences, whereas slave morality fits actions into a scale of "good" or "evil" intentions. Throughout his works, Nietzsche writes about possible great human beings or "higher types" who serve as an example of people who would follow his philosophical ideas. These ideal human beings Nietzsche calls by terms such as "the philosopher of the future", "the free spirit", "the tragic artist" and "the Übermensch". They are often described by Nietzsche as being highly creative, courageous, powerful and extremely rare individuals. He compares such individuals with certain historical figures which have been very rare and often have not been considered geniuses, such as Napoleon, Goethe and Beethoven.*

VAISHNAV M HEMAN
X I



# വേനൽചൂട്

ചുട്ടുപൊള്ളുന്ന വേനൽച്ചൂട്

ചുട്ടുപൊള്ളുന്നവൾതന്നകതാരും...!

എവിടെയോ ഒരു വേഴാമ്പൽ

മഴ കാത്തിരിക്കുന്നു; അവളും,

മനസ്സിലൊരു കുളിർമഴക്കായ്...

കാറുനിറഞ്ഞാകാശമാകെ

എവിടെയോ മയിലുകൾ നൃത്തമാടി,

മഴമേഘം പറ്റിച്ചേങ്ങോ പോയി!

അവളോർത്തു, സ്വപ്നങ്ങളേ

നിങ്ങളെപ്പോഴുമിങ്ങനെ തന്നല്ലേ....

ഒടുവിൽ, ഇടിമിന്നലിൻ ദുന്ദുഭിനാദ-

മോടെത്തി ഘനഗാം ഭീര്യമേറിടും പേമാരി!

വേഴാമ്പൽഹർഷപുളകിതയായി,

മയിലുകൾ ആനന്ദച്ചുവടുകളാൽ ലാസ്യമാടി...

മഴ മാറി മാനം തെളിഞ്ഞു

കൊടുങ്കാറ്റിലൊടിഞ്ഞൊരു ചില്ലകൾ മിഴി പൂട്ടി,

വിഷുക്കണിയൊരുക്കുവാൻ വെമ്പി നിന്നോരു നെൽപാടം

ചാഞ്ഞുവീണു, ജലാശയത്തിനടിയിലായി...

തണ്ണീർപ്പാടമൊരു കണ്ണീർപ്പാടമായി...

എങ്കിലുമെല്ലായിടവുമൊരു പുത്തനുണർവ് അവളുടെ സ്വപ്നങ്ങളോ

അതങ്ങിനെ ചരിച്ചുകൊണ്ടേയിരുന്നു

തല്കാലമൊരു പുസ്തകത്താളി ലൊളിപ്പിക്കാം...


ഒരുപക്ഷേ  വീണ്ടും മുളച്ചാലോ.....!

# ഒരു തീര രോദനം

കടലിരമ്പം കേൾക്കുന്നു തീരങ്ങളിൽ
കടലിൻ മക്കൾ തൻ മനസ്സിലും
ഇന്നലെയോളമൊരു കുളിർ തെന്നലായ്
തഴുകിയുറക്കിനീ
ഇന്നിതാ കൊടുങ്കാറ്റായാഞ്ഞടിച്ചുറക്കം കെടുത്തി നീ
ഇന്നലെ വരെ ഞങ്ങൾ തൻ കനവിന്നു വെളിച്ചമേകി നീ
ഇന്നിതാ കവർന്നെടുക്കുന്നനർഘമായതെല്ലാം നീ
ഇതൊരു തുടർക്കഥയായീടുമ്പോൾ
നടുങ്ങുന്നു പിടയുന്നു ഹൃദന്തങ്ങൾ
എവിടേയ്ക്കു പോകുവാൻ ഞങ്ങൾ
ഭീതി പടർത്തിയെത്തും മഹാമാരി തൻ നടുവിലോ
പാഞ്ഞടുത്തീടും തിരമാലകൾക്കരികിലോ
പകച്ചു നിൽക്കുംഞങ്ങൾതൻ മുന്നിൽ
ജീവിതമൊരു പ്രഹേളികയായ് നിലകൊൾവൂ
ഇതിന്നു ശാശ്വതമാമൊരു പ്രതിവിധി തേടി
നടപ്പിലാക്കുവിനധികാരികളേ നിങ്ങൾ

ASHIK G.S
10 G
ST.MARY'S H.S.S PATTOM






ABHIJITH B.R
X.A
ST MARY'S H.S.S PATTOM



# ARTIFICIAL INTELLIGENCE

Artificial Intelligence refers to the intelligence of machines. This is in contrast to the natural intelligence of humans and animals. With Artificial Intelligence, machines perform functions such as learning, planning, reasoning and problem-solving. Most noteworthy, Artificial Intelligence is the simulation of human intelligence by machines. It is probably the fastest-growing development in the World of technology and innovation. Furthermore, many experts believe AI could solve major challenges and crisis situations.

- Rohit Krishnan K.S X U



Rohit Krishnan K.S
X.U
ST.MARY'S H.S.S
PATTOM

# ജീവിതരേഖ

പൂനിലാവിനാൽ അലംകൃതമായ ഒരു രജനി. മുറിയിലെ ജനാലയ്ക്കരികിൽ പൂർണചന്ദ്രൻ്റെ ഭംഗി ആസ്വദിച്ചുകൊണ്ട് തൻ്റെ മേശയ്ക്കടുത്ത് കസേരയിൽ ഇരിക്കുകയാണ് ലാവണ്യ.അവളുടെ മനോഹരമായ കൈവിരലുകൾ പഴയ ഒരു ആൽബത്തിൻ്റെ താളുകൾ മറിക്കുന്നു .നിലാവിൻ്റെ ഭംഗി ആസ്വദിക്കുന്നതിനോടൊപ്പം അവൾ ഏതോ ഭൂതകാല ഓർമകൾ മനസ്സിൽ തിരയുകയാണ്.ഏതോ നഷ്ടസന്തോഷത്തിൻ്റെ പ്രതിഫലനം അവളുടെ കണ്ണുകളിൽ അശ്രുക്കളാകുന്ന പളുങ്കുമണികൾ ചിതറി ച്ചു ഓരോ താളുകളും അവൾ വീക്ഷിക്കുന്നു ,നോക്കി പുഞ്ചരിക്കുന്നു, ഇടക്ക് കരയുന്നു .

"ലാവണ്യേ! മോളെ ......നീ എന്തെടുക്കുവാ അവിടെ ?' ആകസ്മികമായി അവിടേക്ക് സന്ധ്യ കടന്നുവന്നു .പെട്ടെന്ന് ലാവണ്യ തൻ്റെ കയ്യിലിരുന്ന ആൽബം ഒരു തട്ടിൽ ഒളിപ്പിച്ചു . "വരൂ അത്താഴം വിളമ്പി വച്ചിരിക്കുന്നു .എൻ്റെ പൊന്നുമോൾ വന്നു കഴിക്ക്"അവളുടെ ശിരസ്സിൽ മൃദുവായി തലോടിക്കൊണ്ട് സന്ധ്യ പറഞ്ഞു .

"വരുന്നു അമ്മെ ,എനിക്ക് കോളജിലെ കുറച്ചു കാര്യങ്ങൾ ചെയ്തുതീർക്കാൻ ഉണ്ടായിരുന്നു . അതാ വരാഞ്ഞത് ".

ലാവണ്യ തീന്മേശക്കരികിലേക്ക് ചെന്നു.സന്ധ്യയും മോഹനും ലാവണ്യയും അത്താഴം കഴിച്ചു .സ്നേഹത്താൽ നിറഞ്ഞ സംഭാഷണവും അവർക്കിടയിൽ ഉണ്ടായിരുന്നു . സ്നേഹവും ലാളനയും നിറഞ്ഞ കണ്ണുകൾ ലാവണ്യയെ സംതൃപ്തയാക്കി.അവർ അത്താഴത്തിനുശേഷം അവരവരുടെ മുറികളിൽ കിടക്കാൻ പോവുകയാണ് . അച്ഛനും അമ്മയ്ക്കും സ്നേഹത്തിൽ ചാലിച്ച മൃദുചുംബനം നൽകിയതിനുശേഷം ലാവണ്യ തൻ്റെ മുറിയിൽ കടന്നു.

അവൾ അവളുടെ കട്ടിലിൽ ഇരുന്നു .അരണ്ട നിലാവെളിച്ചം അവളുടെ മുറിയിലേക്ക് കയറുന്നുണ്ടായിരുന്നു.അവൾ എന്തോ ആലോചിച്ചുകൊണ്ടിരുന്നു തൻ്റെ ബാല്യം ...... അന്ന് അവൾ ഒരു കൊച്ചുശലഭമായിരുന്നു.പുത്തൻ കുഞ്ഞുടുപ്പുകൾ ധരിച്ച് ,അനിയൻ

കുട്ടനൊപ്പം കളിച്ചുല്ലസ്സിച്ച്,സ്വന്തം മാതാപിതാക്കളുടെ സ്നേഹലാളനകൾ ഏറ്റു വളർന്ന ഒരു കുഞ്ഞിപൂമ്പാറ്റ.വിധി എല്ലാം അവളിൽനിന്ന് തട്ടിയെടുത്തത് വളരെ പെട്ടെന്നായിരുന്നു . ആരുടെ കണ്ണ് തട്ടിയിട്ടാണോ എന്തോ? അത്രക്ക് സന്തോഷപ്രദമായിരുന്നു അവരുടെ ജീവിതം. ശാന്തി-ഹരിലാൽ ദമ്പതികളുടെ രണ്ടു മക്കളിൽ മൂത്തകുട്ടി ആയിരുന്നു ലാവണ്യ.ലാവണ്യയുടെ അനിയൻ ലക്ഷ്മൺ ആയിരുന്നു .ചേച്ചിയും അനിയനും തമ്മിൽ നല്ല സ്നേഹത്തിലും സൗഹൃദത്തിലും ആയിരുന്നു .ചേച്ചിക്ക് എന്തു കിട്ടിയാലും അത് ചേച്ചി അനിയൻകുട്ടനും കൊടുക്കും .തിരിച്ചും അങ്ങനെതന്നെ . അമ്മയെയും അച്ഛനെയും അനുസരിച്ച് ,നന്നായി പഠിച്ച്,സമൂഹത്തിൽ ഏവർക്കും പ്രിയപ്പെട്ടവരായി അവർ വളർന്നുവന്നു.ഒരു ദിവസം അവരെല്ലാവരും ഒരു വിനോദസഞ്ചാരത്തിനു പോകാനൊരുങ്ങി .അതൊരു അവധിക്കാലമായിരുന്നു.
പോകുന്ന ദിവസം രാവിലെ ഹരിലാൽ പറഞ്ഞു"ശാന്തി! മക്കളേ!നിങ്ങളെല്ലാവരും റെഡി ആയോ?അച്ഛൻ റെഡിയായിട്ടോ....."കുറച്ചു സമയത്തിന് ശേഷം എല്ലാവരും തയ്യാറായി വന്നു ."പാക്ക് ചെയ്ത ബാഗെല്ലാം എടുത്താരുന്നോ ഹരിയെട്ടാ....." "എടുത്തു ശാന്തി എല്ലാം കാറിൽ വച്ചിട്ടുണ്ട്".അങ്ങനെ അൽപ്പസമയത്തിന് ശേഷം വളരെ സന്തോഷത്തോടെ , ആഹ്ലാദത്തോടെ അവർ യാത്ര തിരിച്ചു .എവിടെക്കാണന്നോ? 'ഊട്ടിയിലേക്ക് '. ഊട്ടിയിലേക്കുള്ള അവരുടെ ആദ്യത്തെ യത്രയായിരുന്നതിനാൽ ഏവരുടെയും വദനങ്ങളിൽ ആകാംക്ഷ വിരിഞ്ഞിരുന്നു. ഡ്രൈവർ മനു ആണ് വാഹനം ഓടിച്ചിരുന്നത് . തലേദിവസവും യാത്രക്ക് പോയിരുന്നതിനാൽ ചെറിയ ക്ഷീണം അയാൾക്ക് അനുഭവപ്പെട്ടിരുന്നു . എങ്കിലും ഹരിയേട്ടനോടുള്ള സ്നേഹ ബന്ധത്തിൻ്റെ പുറത്ത് വാക്ക് നൽകി വന്നതാണ് മനു .കുറെ ദൂരം യാത്ര സുഗമമായിരുന്നു.ഹരിയും കുടുംബവും നേരിയ മയക്കത്തിൽ ആണ്ടുപോയിരുന്നു .അൽപ്പസമയം കഴിഞ്ഞപ്പോൾ എന്തോ ഒരു വലിയ ശബ്ദം .എല്ലാവരുടെയും കരച്ചിൽ .ഭൂഗോളം കറങ്ങിത്തിരിയുന്നത് പോലെ അവർക്ക് തോന്നി .എന്തൊക്കെയോ സംഭവിക്കുന്നു .വിധിയുടെ വിളയാട്ടം .അതിൻ്റെ ആഘാതം വളരെ വലുതായിരുന്നു.
ചോരയിൽ കുളിച്ച് ജീവനറ്റ മൂന്ന് ശരീരങ്ങൾ .യാത്രക്കാരിൽ


രണ്ടുപേർക്ക് ഹൃദയമിടിപ്പുണ്ട്.അത് മനുവും ലാവണ്യയും ആയിരുന്നു .മറ്റൊരു വാഹനം ദിശതെറ്റി വന്നതാണ് അപകടകാരണം . തൻ്റെ മാതാപിതാക്കളുടെയും സഹോദരൻ്റെയും മൃതദേഹം ഒന്നു കാണാൻ പോലും ലാവണ്യക്ക് സാധിച്ചില്ല. ഒരു മാസത്തിനുശേഷമാണ് ലാവണ്യ പൂർണ്ണമായി ആരോഗ്യം വീണ്ടെടുത്തത്. നിസ്സഹായയായ ആ ഏഴുവയസ്സുകാരി നടന്നതെല്ലാം മനസ്സിലാക്കിയിരുന്നു. ഇതിനോടകം മനുവും ആരോഗ്യവാനായി മാറിയിരുന്നു.അനാഥയായ ലാവണ്യയെ സ്വീകരിക്കാൻ ബന്ധുക്കളാരും ഉണ്ടായിരുന്നില്ല .മനുവിന് ഒരു ജേഷ്ഠൻ ഉണ്ടായിരുന്നു .മോഹൻകുമാർ .മോഹനും ഭാര്യ സന്ധ്യയും 10 വർഷങ്ങളായി സന്താനങ്ങൾ ഇല്ലാതെ വിഷമിക്കുന്നവരായിരുന്നു.ഒരു കുഞ്ഞിനായി അവർ ഏറെ കൊതിച്ചിരുന്നു .മനു തൻ്റെ തെറ്റിന് പ്രായശ്ചിത്തമായി ആ പെൺപൈതലിനെ ദത്തെടുക്കാൻ തൻ്റെ ജേഷ്ഠനോട് ആവശ്യപെട്ടു .വളരെ സന്തോഷത്തോടെ മോഹനും സന്ധ്യയും  ലാവണ്യയെ തങ്ങളുടെ ജീവിതത്തിലേക്ക് സ്വീകരിച്ചു . സന്ധ്യക്ക് പെൺകുട്ടികളെ ആയിരുന്നു കൂടുതൽ ഇഷ്ടം .ലാവണ്യയെ ഒരുക്കാനും മുടി ചീകി കൊടുക്കാനും അവർ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഏഴ് വയസ്സുള്ളപ്പോഴാണ് ലാവണ്യ എന്ന കൊച്ചുസുന്ദരി അവിടെക്ക് കടന്നുചെല്ലുന്നത് .പിന്നീട് ഈ നിമിഷം വരെ സ്വന്തം മകളെപ്പോലെ അവർ ലാവണ്യയെ സംരക്ഷിച്ചു ,സ്നേഹംകൊണ്ട് പൊതിഞ്ഞു ,നല്ല വിദ്യാഭ്യാസം നൽകി ,അവൾക്ക് വേണ്ടതെല്ലാം ചെയ്തു കൊടുത്തു .ലാവണ്യ പഠനകാര്യങ്ങളിൽ സമർഥയായിരുന്നു ,നല്ല സ്വഭാവത്തിന് ഉടമയായിരുന്നു .

ലാവണ്യ കട്ടിലിൽ നിന്നെഴുന്നേറ്റു. അവൾ മെല്ലെ ജനാലയ്ക്കരികിലേക്ക് നീങ്ങി .ജനൽ കമ്പികളിൽ  പിടിച്ചുകൊണ്ട് അവൾ മാനത്തെ അമ്പിളിയെ നോക്കിനിന്നു .അവളുടെ മനം മന്ത്രിച്ചു "മാതാപിതാക്കൾ നഷ്ട്ടമായി എങ്കിലും അനാഥയായ എനിക്ക് അഭയമേകാൻ ദൈവം രണ്ടു മാലാഖമാരെ അയച്ചില്ലെ....വിധി തോൽപ്പിക്കാൻ ശ്രമിച്ച എൻ്റെ ജീവിതം വിധിയെ തൊൽപ്പിച്ചില്ലെ.....എൻ്റെ അച്ഛനും അമ്മയും ഞാൻ സന്തോഷത്തോടെ ഇരിക്കുന്നതുകണ്ട് സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നുണ്ടാവും ,എൻ്റെ

അനിയൻ കുട്ടനും .അവളുടെ കണ്ണുകളിൽ സന്തോഷത്തിൻ്റെ സംതൃപ്തിയുടെ,ശുഭപ്രതീക്ഷയുടെ നറുമലരുകൾ വിരിഞ്ഞു. മാനത്തെ പൂന്തോട്ടത്തിൽ അവളൊന്നുനോക്കി . പൂമൊട്ടുകളാകും നക്ഷത്രങ്ങളിൽ മൂന്നെണ്ണം തന്നെ നോക്കി പുഞ്ചിരിക്കുന്നതായി അവൾക്ക് തോന്നി...



LIYA MARIA LINOJ
10 Y
ST MARY'S HSS PATTOM





DRISHYA S SABU
10 Y
ST.MARY'S HSS PATTOM





MAYA NANDANA A.S
10 Y
ST.MARY'S HSS PATTOM




ANAND S.S
10 G
ST.MARY'S HSS PATTOM



ANAND S.S
10 G
ST.MARY'S HSS PATTOM